# വൈറ്റില മൊബിലിറ്റി ഹബ് സൊസൈറ്റി

e mail : vyttilamobilityhubsociety@gmail.com phone:9961324400

## റീ ടെൻഡർ നോട്ടീസ്

**No. 05/VMHS/2020-21** date- 06/05/2020

വൈറ്റില മൊബിലിറ്റി ഹബ്ബിൽ ഇലെക്ട്രിക്കൽ പാനൽ റൂം മോഡിഫിക്കേഷൻ വർക്കിനു വേണ്ടിപൊതുമരാമത്ത് വകുപ്പുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും പരിചയസമ്പന്നരുമായിട്ടുള്ള കരാറുകാരിൽ നിന്നും മത്സരാധിഷ്ഠിത ദർഘാസുകൾ ഓൺലൈൻ (ഇ ടെൻഡർ)ആയി ക്ഷണിച്ചുകൊള്ളുന്നു.ദർഘാസുകൾ 11**/5/2020 10:00 am** മുതൽ ഇ ടെണ്ടർ സൈറ്റിൽ ലഭ്യമാണ്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | മതിപ്പ് ചെലവ് | പ്രവൃത്തി ചെയ്തു തീർക്കാനുള്ള കാലാവധി | നിരത ദ്രവ്യം | കോൺട്രാക്ടർ ക്ലാസ് | ദർഘാസ് ഫീസ് (including taxes) | ദർഘാസ് ഫാറങ്ങൾ ഓൺലൈനിൽ ലഭിക്കുന്ന അവസാന തീയതി, സമയം | ദർഘാസ് ഓൺലൈനിൽ സമർപ്പിക്കാനുള്ള അവസാന തീയതി, സമയം | ദർഘാസ് തുറന്നു പരിശോധിക്കുന്ന തീയതി, സമയം |
|---|---|---|---|---|---|---|---|---|---|
| 1 | Modification of Metering Panel board for individual KSEB power connection to various kiosks in Vyttila Mobility Hub Bus Terminal. | 459860 | 1 months | 11500 | PWD Electrical A, B, C | 1100 | 20/05/2020 3:00 pm | 20/05/2020 6:00 pm | 22/05/2020 11:00 am |

1 ദർഘാസ് പ്രമാണങ്ങൾ ഇ ടെൻഡർ വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

2 ദർഘാസിനോടൊപ്പം നിശ്ചിത തുകയ്ക്കുള്ള നിരതദ്രവ്യവും ദർഘാസ് ഫീയും നെറ്റ് ബാങ്കിംഗ് മുഖേന ഓൺലൈനായി ഒടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം ദർഘാസുകൾ നിരസിയ്ക്കുന്നതാണ്.

3 ദർഘാസുകൾ ഓൺലൈനായി മാത്രമാണ് സമർപ്പിയ്ക്കേണ്ടത്. നെറ്റ് വർക്ക് തകരാർ മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ടെണ്ടർ സ്വീകരിക്കുന്നയാൾ ഉത്തരവാദി ആയിരിക്കുന്നതല്ല.

4 ദർഘാസ് ഫോറങ്ങളും അനുബന്ധരേഖകളും ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതി വരെ ഇ ടെൻഡർ വെബ്സൈറ്റിൽ നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

5 നിർദ്ദിഷ്ട രീതിയിൽ തയ്യാറാക്കിയ ദർഘാസുകൾ നിശ്ചിത സമയത്തിനു മുമ്പായി ഇ ടെൻഡർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്തിരിയ്ക്കേണ്ടതാണ്.

6 പ്രിലിമിനറി എഗ്രിമെന്റ്, കോൺട്രാക്ടേഴ്സ് ലൈസൻസ് കോപ്പി, ഇ-പെയ്മന്റ് ഫോം, ആവശ്യപ്പെട്ടിട്ടുള്ള മറ്റു രേഖകൾ എന്നിവ അപ് ലോഡ് ചെയ്യാത്ത ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

7 പ്രിലിമിനറി എഗ്രിമെന്റ്, കോൺട്രാക്ടേഴ്സ് ലൈസൻസ് കോപ്പി, ഇ-പെയ്മന്റ് ഫോം, ആവശ്യപ്പെട്ടിട്ടുള്ള മറ്റു രേഖകൾ എന്നിവയുടെ ഒറിജിനൽ ദർഘാസ് തുറന്നു പരിശോധിക്കുന്നതിന് മുന്പായി രജിസ്റ്റേർഡ് തപാൽ മുഖേനയോ സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്.തപാൽ മുഖേനയുള്ള കാലതാമസത്തിനു ടെൻണ്ടർ ക്ഷണിക്കുന്ന അധികാരി ഉത്തരവാദി ആയിരിക്കുന്നതല്ല. അല്ലാത്ത പക്ഷം ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

8 ഓൺലൈനായി എല്ലാ രേഖകളും സമർപ്പിക്കുകയും എന്നാൽ നിശ്ചിത സമയത്തിനകം ഹാർഡ് കോപ്പികൾ സമർപ്പിക്കാതിരിക്കുകയും ചെയ്യുന്ന കരാറുകാരുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുന്നതാണ്.

9 നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചിട്ടുള്ള എല്ലാ ദർഘാസുകളും നിശ്ചിത സമയത്തിന് തദവസരത്തിൽ സന്നിഹിതരായ കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ഓൺ ലൈനായി തുറക്കുന്നതാണ്.

10 കുറഞ്ഞ നിരക്കുകൾ രേഖപ്പെടുത്തിയ ദർഘാസുകൾ മാനേജിങ് ഡിറക്ടറുടെ പരിഗണനക്ക് സമർപ്പിക്കുന്നതും ഏതെങ്കിലും ദർഘാസോ എല്ലാ ദർഘാസുകളുമോ യാതൊരു കാരണവും കാണിക്കാതെ നിരസിക്കാനുള്ള അവകാശം മാനേജിങ് ഡിറക്ടറിൽ നിക്ഷിപ്തം ആയിരിക്കുന്നതുമാണ്.

11 എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 10 ശതമാനത്തിലധികം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന സാഹചര്യത്തിൽ അധികമുള്ള കുറഞ്ഞ നിരക്കിന് ആനുപാതികമായി കരാർ വയ്ക്കുന്ന സമയത്ത് പെർഫോമൻസ് ഗ്യാരന്റി വയ്ക്കേണ്ടതും പ്രസ്തുത ഗ്യാരന്റി തുക പ്രവൃത്തി പൂർത്തിയായ ശേഷം മാത്രം തിരികെ നൽകുന്നതുമാണ്. പെർഫോമൻസ് ഗ്യാരന്റി തുക നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, ട്രഷറി എന്നിവിടങ്ങളിൽ നിന്നുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളായോ, ഈ ഓഫീസിൽനൽകേണ്ടാതാണ് . ഇതു കൂടാതെ കരാർ തുകയുടെ 5 ശതമാനം തുക സെക്യൂരിറ്റി ഡപ്പോസിറ്റായും ഒടുക്കേണ്ടതാണ്.

12 പ്രവൃത്തികൾക്ക് വേണ്ടി ആവശ്യമായി വരുന്ന മുഴുവൻ സാധനങ്ങളും കരാറുകാരൻ തന്നെ സംഭരിക്കേണ്ടതും എൻജിനീയറുടെ നിർദ്ദേശാനുസരണം പ്രവൃത്തിക്കു വേണ്ടി ഉപയോഗിക്കേണ്ടതുമാണ്. യാതൊരു കാരണവശാലും സാധനങ്ങൾ ഡിപ്പാർട്ടുമെന്റ് വാങ്ങി നൽകുന്നതല്ല.

13 ഐറ്റം റേറ്റ് പ്രകാരമുള്ള പ്രവൃത്തികളുടെ സംഗതിയിൽ ഏതെങ്കിലും ഇനം പ്രവൃത്തി അധികമായി ചെയ്യേണ്ടി വരികയാണെങ്കിൽ കരാറുകാരൻ കോട്ട് ചെയ്ത നിരക്കുകൾ പ്രകാരമുള്ള ആകെ തുക പി.എ. സി പ്രകാരമുള്ള തുകയുടെ എത്ര ശതമാനം കുറവാണെന്ന് കണക്കാക്കി അത്രയും ശതമാനം മാത്രമേ എക്സ്ട്രാ ഐറ്റത്തിന്റെ നിരക്കിലും അനുവദിക്കുകയുള്ളൂ.

14 ദർഘാസ് സംബന്ധമായി പുതുക്കിയ പൊതുമരാമത്ത് മാനുവൽ പ്രകാരവും, പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരവും ഇ ടെൻഡർ സംബന്ധമായ ചട്ടങ്ങൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരവും നിലവിലുള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കും.

15 ദർഘാസ് സ്വീകരിയ്ക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിയ്ക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടപടികൾ നടത്തുന്നതാണ്.

16 പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ചരക്കു സേവന നികുതി ( GST) പ്രകാരമുള്ളതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകളും ഈ ദർഘാസ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ബാധകമായിരിക്കുന്നതാണ്. നികുതി നിരക്കുകളിൽ വർദ്ധന ഉണ്ടാകുന്ന പക്ഷം അത് ഒടുക്കുവാൻ കരാറുകാർ ബാധ്യസ്ഥരായിരിക്കുന്നതാണ്.

17 പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പ്രവൃത്തിസമയങ്ങളി ൽഈ ഓഫീസിൽനിന്നോ , www. vyttilamobilityhubsociet.com / www.etenders.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ നിന്നോ അറിയാവുന്നതാണ്.

അസിസ്റ്റന്റ് എൻജിനീയർ ,വൈറ്റില മൊബിലിറ്റി
ഹബ് സൊസൈറ്റി

വൈറ്റില 04/05/2020

VYTTILA MOBILITY HUB SOC...
VYTTILA P.O.,
COCHIN-682019
ERNAKULAM

This document was created with the Win2PDF “print to PDF” printer available at
http://www.win2pdf.com

This version of Win2PDF 10 is for evaluation and non-commercial use only.

This page will not be added after purchasing Win2PDF.

http://www.win2pdf.com/purchase/